പതിമൂന്നാം കേരളനിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 237 — 08.06.2015 ൽ മറുപടിക്ക്

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.കെ.അജിത്<br>,, ഇ.ചന്ദ്രശേഖരൻ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) | എത്ര വിദ്യാലയങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ട് ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (എ) | 420 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പുതിയ അദ്ധ്യയന വർഷത്തിൽ എത്ര സ്കൂളുകളിലേക്ക് കൂടിയാണ് ഈ പദ്ധതി വ്യാപിപ്പിക്കുക ; അതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (ബി) | പുതിയ അദ്ധ്യയന വർഷം കൂടുതൽ സ്കൂളുകളിൽ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല. |
| (സി) | പ്രസ്തുതപദ്ധതിയിലെ വിദ്യാർത്ഥികൾക്ക് നല്കിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ | (സി) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് 2 വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കേഡറ്റുകൾക്ക് 5% ഗ്രേസ് മാർക്ക് നൽകിവരുന്നു. |
| (ഡി) | സംസ്ഥാനത്ത് ഇപ്പോൾ മൊത്തം എത്ര വിദ്യാർത്ഥികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | 31500 കുട്ടികളെ എസ്.പി.സി പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകിവരുന്നു. |

Rajani.M
സെക്ഷൻ ഓഫീസർ

# അനുബന്ധം

**സ്റ്റുഡൻറ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.**

1) നിയമത്തെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.
2) വിദ്യാർത്ഥികളിൽ പൗരബോധം, സമത്വ ബോധം, മതേതര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാഠവം, നേതൃത്വശേഷി, സാഹസിക മനോഭാവം തുടങ്ങിയ മൂല്യങ്ങൾ വളർത്തുക.
3) വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും **സഹജീവി സ്നേഹവും വളർത്തുക.**
4) സാമൂഹിക തിൻമകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.
5) ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യ സേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
6) എൻ.സി.സി, എൻ.എസ്.എസ് തുടങ്ങിയ സന്നദ്ധ സംഘടനകളെപ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക.
7) വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം, പരിസ്ഥിതി സംരക്ഷണ ബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരേ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തിയെടുക്കുക.
8) സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്ത ഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക.
9) സ്വഭാവ ശുദ്ധിയിലും പെരുമാറ്റശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.
10) സമൂഹത്തിന്റെ സർവ്വോൻമുഖമായ പുരോഗതിക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന ഒരു യുവസമൂഹത്തെ സൃഷ്ടിക്കുക.

Rajani M

സെക്ഷൻ ഓഫീസർ